"ഭരണഭാഷ - മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

എൻ.സി.സി. - എൻ.സി.സി. തിരുവനന്തപുരം ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന് ക്യാമ്പ് പരിശീലന കേന്ദ്രം തുടങ്ങുന്നതിനു ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.322/2019/ഉവിവ. തീയതി, തിരുവനന്തപുരം, 26.02.2019

---

പരാമർശം:- 1. എൻ.സി.സി. അഡീഷണൽ ഡയറക്ടർ ജനറലിന്റെ 27/02/2018 ലെ 8518/പി3-പബ്/2016/എൻ.സി.സി. നം. കത്ത്.
2. 10/04/2018 ലെ സ.ഉ.(സാധാ) നം. 723/2018/ഉവിവ ഉത്തരവ്.
3. റവന്യൂ വകുപ്പിന്റെ 19/12/2018 ലെ യു4/15/18/റവന്യൂ നം. അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

എൻ.സി.സി. തിരുവനന്തപുരം ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന് ക്യാമ്പ് പരിശീലന കേന്ദ്രം തുടങ്ങുന്നതിനാവശ്യമായ തുക 2018-19 വർഷത്തിൽ വകയിരുത്തിയിട്ടുള്ളതായും, അതിനായി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ കല്ലറ വില്ലേജിലെ 2953/3 റീ സർവ്വേ നമ്പറിൽപ്പെട്ട 3.5 ഏക്കർ സർക്കാർ ഭൂമി കണ്ടെത്തിയിട്ടുള്ളതായും പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണാനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ കല്ലറ വില്ലേജിലെ 2953/3 റീ സർവ്വേ നമ്പറിൽപ്പെട്ട 3.5 ഏക്കർ ഭൂമിയിൽ എൻ.സി.സി തിരുവനന്തപുരം ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിനു വേണ്ടി പരിശീലന കേന്ദ്രം തുടങ്ങുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ഭൂമി എൻ.സി.സി. വകുപ്പിന് ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

4. പരാമർശത്തിലെ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഉഷ ടൈറ്റസ്**

പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
റവന്യൂ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ